

**ശ്രീമതി ഒ. വത്സല**

ആലുവ സെന്റ് സേവിയേഴ്സ് കോളേജ്, തൃശൂർ കേരളവർമ്മ കോളേജ്, തൃപ്പൂണിത്തുറ ഗവ. സംസ്കൃതകോളേജ് എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. രാജർഷി രാമവർമ്മയുടെ ബാല ബോധനം എന്ന കൃതിക്ക് വ്യാഖ്യാനവും സിദ്ധാന്തകൗമുദി, ലഘുസിദ്ധാന്തകൗമുദി എന്നീ ഗ്രന്ഥങ്ങൾക്ക് വിശദീകരണക്കുറിപ്പുകളും എഴുതിയിട്ടുണ്ട്. അർത്ഥവദധാതുരപ്രത്യയഃ പ്രാതിപദികം എന്ന പാണിനീയസൂത്രത്തിന്, മഹാമഹോപാധ്യായ കിള്ളിമംഗലം നടുവത്ത് നാരായണൻ നമ്പൂതിരി രചിച്ച ശതകോടി എന്ന ഗ്രന്ഥത്തിന്റെ സംസ്കരണവും ഇംഗ്ലീഷ് പരിഭാഷയും പ്രസിദ്ധീകരിച്ചു. സ്കന്ദമഹാപുരാണത്തിന്റെ മലയാളവിവർത്തനം, മഹാഭാഷ്യം (നവാഹ്നികം) മലയാള വ്യാഖ്യാനം, വാക്യാർഥവിചാരഃ, പ്രൗഢമനോരമ (സന്ധിപ്രകരണം) മലയാള വ്യാഖ്യാനം എന്നിവ അക്കാദമികരംഗത്തെ സംഭാവനകളാണ്.



**ഡോ. പി. വി. രാമൻകുട്ടി**

തത്തമംഗലം ഗവ. ഹൈസ്കൂൾ, ചിറ്റൂർ ഗവ. കോളേജ്, തൃപ്പൂണിത്തുറ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി ശ്രീ നീലകണ്ഠ ഗവ. സംസ്കൃതകോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. 2003 ൽ എളേരിത്തട്ട് ഗവ. കോളേജിൽ പ്രിൻസിപ്പാളായി നിയമിതനായി. 2004 ൽ ഔദ്യോഗികജീവിതത്തിൽനിന്ന് വിരമിച്ചു. തുടർന്ന് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് സ്മാരകഗ്രന്ഥശാലയിലെ പബ്ലിക്കേഷൻ വിഭാഗത്തിൽ ചീഫ് എഡിറ്ററായി നിയമിതനായി. കാണിപ്പയ്യൂർ ഗ്രന്ഥശാലാപരമ്പരയിലൂടെയും, സ്വതന്ത്രമായും അനേകം ഗ്രന്ഥങ്ങൾ രചിച്ചു. വളരെക്കാലമായി, സംസ്കൃതത്തിന്റെ വിവിധ മേഖലകളിൽ ഗവേഷണദൃഷ്ട്യാ പഠനങ്ങൾ നടത്തിക്കൊണ്ട് അനന്തരതലമുറക്ക് പ്രചോദനമേകിവരുന്നു.



**ഡോ. കെ. വി. വാസുദേവൻ**

പദ്മഭൂഷണം ശ്രീ രാഘവൻ തിരുമുല്പാടിന്റെ ശിഷ്യനായി സംസ്കൃതവും; ശ്രീ ദാമോദരൻ നമ്പ്യാരുടെ കീഴിൽ ന്യായശാസ്ത്രഗ്രന്ഥങ്ങളും പാരമ്പര്യ രീതിയിൽ അഭ്യസിച്ചു. 1984 മുതൽ 2015ൽ സേവനത്തിൽനിന്ന് വിരമിക്കുന്നതുവരെ, ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ സംസ്കൃതാധ്യാപകനായി സേവനമനുഷ്ഠിച്ചു. ഇടക്കാലത്ത്, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ സംസ്കൃതസാഹിത്യവിഭാഗത്തിൽ അധ്യാപകനായിരുന്നു. ശൃംഗേരി മഹാഗണപതി വാക്യാർഥസഭയിലും കേരളത്തിനകത്തും പുറത്തുമായി നടന്നുവരുന്ന മറ്റ് വാക്യാർഥസദസ്സുകളിലും പങ്കെടുത്തുകൊണ്ട് അനന്തരതലമുറക്ക് പ്രോത്സാഹനവും പ്രചോദനവുമേകിവരുന്നു. അനേകം കൃതികൾ രചിച്ചിട്ടുണ്ട്.



**ശ്രീ. എം. കെ. സുരേഷ്ബാബു**

കോഴിക്കോട് സർവകലാശാലയിൽനിന്ന് സംസ്കൃതസാഹിത്യത്തിൽ ബിരുദാനന്തരബിരുദവും, എം. ഫിൽ, ബി. എഡ്. എന്നീ ഉപരിബിരുദങ്ങളും നേടി. 1997 മുതൽ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ സംസ്കൃത സാഹിത്യവിഭാഗത്തിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചുവരുന്നു. അധ്യാപനത്തോടൊപ്പം, സംസ്കൃതനാടകങ്ങളുടെ രചനയും സംവിധാനവും രംഗാവതരണവും നിർവഹിച്ചുവരുന്നു. 62 സംസ്കൃതനാടകങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. രണ്ടായിരത്തിലധികം വേദികളിൽ അവതരണം നടത്തി. കേരളത്തിനകത്തും പുറത്തുമായി അനേകം വിദ്യാകേന്ദ്രങ്ങളിൽ, പുതിയ കാലത്തിനനുസരിച്ച് ആധുനികസങ്കേതങ്ങളുപയോഗിച്ച് സംസ്കൃത നാടകങ്ങളുടെ രംഗാവതരണം പരിശീലിപ്പിച്ചുവരുന്നു.

## കേരള സംസ്കൃത അക്കാദമി, തൃശ്ശൂർ



# പുരസ്കാരസമർപ്പണം
# പി. ടി. കുരിയാക്കോസ് അനുസ്മരണം
# എൻഡോവ്മെന്റ് പ്രഭാഷണം



**പ്രഫ. (ഡോ.) മോഹനൻ കുന്നുമ്മൽ**
വൈസ് ചാൻസലർ
കേരള ആരോഗ്യ സർവകലാശാല



**ഡോ. കെ. മുത്തുലക്ഷ്മി**
മുൻ പ്രൊ വൈസ് ചാൻസലർ,
ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ
കലാശാല



**ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ**
പ്രശസ്തസാഹിത്യനിരൂപകൻ

## 30.11.2024 ശനിയാഴ്ച
## രാവിലെ 10 മണി

## കേന്ദ്രീയസംസ്കൃതസർവകലാശാല
## ഗുരുവായൂർ കേന്ദ്രം, പുറനാട്ടുകര, തൃശ്ശൂർ

തൃശ്ശൂർ,
11.11.2024

ധന്യാത്മൻ,

തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന **കേരള സംസ്കൃത അക്കാദമി**, 2024ലെ പുരസ്കാരസമർപ്പണവും സംസ്കൃതപ്രണയഭാജനം പി. ടി. കുരിയാക്കോസ് അനുസ്മരണവും, എൻഡോവ്മെന്റ് പ്രഭാഷണവും, 2024 നവംബർ 30 ശനിയാഴ്ച രാവിലെ 10 മണിക്ക്, പുറനാട്ടുകരയിൽ പ്രവർത്തിക്കുന്ന കേന്ദ്രീയസംസ്കൃതസർവകലാശാലയുടെ ഗുരുവായൂർ കേന്ദ്രത്തിൽവച്ച് നടത്തുന്നു. കേരള ആരോഗ്യസർവകലാശാലാ വൈസ് ചാൻസലർ **പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ** സമ്മേളനം ഉദ്ഘാടനം ചെയ്ത് പുരസ്കാരങ്ങൾ സമർപ്പിക്കും. കേരള സംസ്കൃത അക്കാദമി ചെയർമാൻ, **പ്രൊഫ. കെ. ടി. മാധവൻ** ചടങ്ങിൽ അധ്യക്ഷത വഹിക്കും. ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാലാ മുൻ പ്രൊ വൈസ് ചാൻസലർ **ഡോ. കെ. മുത്തുലക്ഷ്മി** സംസ്കൃതപ്രണയഭാജനം പി. ടി. കുരിയാക്കോസ് അനുസ്മരണവും, പ്രശസ്തസാഹിത്യനിരൂപകൻ **ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ**, പി. ടി. കുരിയാക്കോസ് എൻഡോവ്മെന്റ് പ്രഭാഷണവും നിർവഹിക്കും. **പി. ടി. കുരിയാക്കോസ് എൻഡോവ്മെന്റ് പുരസ്കാരം** ശ്രീമതി ഒ. വത്സലയ്ക്കും, **സംസ്കൃതിപുരസ്കാരം** ഡോ പി.വി. രാമൻകുട്ടിക്കും, **ശാസ്ത്രപ്രതിഭാപുരസ്കാരം** ഡോ. കെ. വി. വാസുദേവനും, **രാമപ്രഭാപുരസ്കാരം** ശ്രീ. എം. കെ. സുരേഷ് ബാബുവിനും ചടങ്ങിൽ സമർപ്പിക്കും. മുഴുവൻ സംസ്കൃതഭാഷാസ്നേഹികളേയും പരിപാടിയിലേക്ക് സാദരം ക്ഷണിക്കുന്നു.

**ഡോ. കെ.ടി. മാധവൻ**
ചെയർമാൻ.

**ഡോ. വി.കെ. വിജയൻ**
സെക്രട്ടറി.

കേരള സംസ്കൃത അക്കാദമി.

## കാര്യപരിപാടി

**30.11.2024 – ശനിയഴ്ച**
**രാവിലെ 10 മണി**

| | | |
|---|---|---|
| നാന്ദീഗീതം | : | സർവകലാശാലാവിദ്യാർഥികൾ |
| സ്വാഗതം | : | **ഡോ. കെ. ഷൈൻ**<br>ഡയറക്ടർ, കേന്ദ്രീയ സംസ്കൃത സർവകലാശാല, ഗുരുവായൂർ കേന്ദ്രം, പുറനാട്ടുകര. |
| അധ്യക്ഷൻ | : | **പ്രൊഫ. കെ.ടി. മാധവൻ**<br>ചെയർമാൻ, കേരള സംസ്കൃത അക്കാദമി. |
| ഉദ്ഘാടനവും പുരസ്കാരസമർപ്പണവും | : | **പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ**<br>വൈസ് ചാൻസലർ, കേരള ആരോഗ്യ സർവകലാശാല |
| പി. ടി. കുരിയാക്കോസ് അനുസ്മരണം | : | **ഡോ. കെ. മുത്തുലക്ഷ്മി**<br>മുൻ പ്രൊ വൈസ് ചാൻസലർ, ശ്രീ ശങ്കരാചാര്യ സംസ്കൃതസർവകലാശാല, കാലടി |
| പുരസ്കാരാർഹരെ പരിചയപ്പെടുത്തൽ | : | **പ്രൊഫ. പി.സി. മുരളീമാധവൻ**<br>വൈസ് ചെയർമാൻ, കേരള സംസ്കൃത അക്കാദമി. |
| പ്രശസ്തിപത്രവായന | : | **ഡോ. വി.കെ. വിജയൻ**<br>സെക്രട്ടറി, കേരള സംസ്കൃത അക്കാദമി & ചെയർമാൻ, ഗുരുവായൂർ ദേവസ്വം |
| പി. ടി. കുരിയാക്കോസ് എൻഡോവ്മെന്റ് പ്രഭാഷണം | : | **ശ്രീ ആലങ്കോട് ലീലാകൃഷ്ണൻ**<br>പ്രശസ്തസാഹിത്യനിരൂപകൻ |
| വിഷയം | : | ***സംസ്കൃതവും സംസ്കൃതിയും*** |
| ആശംസാഭാഷണം | : | **പ്രൊഫ. ആർ. പ്രതിഭ**<br>അസ്സോസ്സിയേറ്റ് ഡയറക്ടർ, കേന്ദ്രീയ സംസ്കൃത സർവകലാശാല, ഗുരുവായൂർ കേന്ദ്രം |
| | : | **സുപ്ത എ. എം.**<br>ചെയർമാൻ, ഛാത്രകല്യാണസമിതി, കേന്ദ്രീയ സംസ്കൃത സർവകലാശാല, ഗുരുവായൂർ കേന്ദ്രം |
| പുരസ്കാരാർഹരുടെ പ്രതിവാണി | : | **ശ്രീമതി ഒ. വത്സല**<br>**ഡോ. പി.വി. രാമൻകുട്ടി**<br>**ഡോ. കെ. വി. വാസുദേവൻ**<br>**ശ്രീ. എം. കെ. സുരേഷ്ബാബു** |
| കൃതജ്ഞത | : | **ഡോ. കെ. എ. രവീന്ദ്രൻ**<br>എഡിറ്റർ, കേരള സംസ്കൃത അക്കാദമി റിസർച്ച് & ഇന്റോളജിക്കൽ ജേർണൽ |